ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് ഘട്ടങ്ങളിലായി.

(സി) 6-12-1993-ൽ

(ഡി) 7-6-1993-ൽ

(ഇ) 91.89 ലക്ഷം രൂപ.

(എഫ്) 30-6-1996-ൽ

പുതുപ്പള്ളി-തോട്ടയ്ക്കാട് ന്യൂ എം.എൽ.എ. റോഡിന്റെ അവശേഷിക്കുന്ന പണി

51 (1296) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി-തോട്ടയ്ക്കാട് ന്യൂ എം.എൽ.എ. റോഡിന്റെ അവശേഷിക്കുന്ന പണി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ ;

(ബി) ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിക്കുകയും നിയമപരവും പ്രായോഗികവുമായ തടസ്സങ്ങൾ നീങ്ങുകയും ചെയ്ത സാഹചര്യത്തിൽ എത്രയും പെട്ടെന്ന് ഈ റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ അവശേഷിക്കുന്ന പണിക്ക് വേണ്ടി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത പണിക്ക് 5 ലക്ഷം രൂപയുടെ അഡീഷണൽ ആതറൈസേഷൻ നൽകിയിട്ടുണ്ട്. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പണി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

52 (1297) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ നടപ്പു വർഷം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട് എന്ന് പറയുമോ ;

(സി) ഇല്ലെങ്കിൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുമോ ?

ഉത്തരം

(എ&ബി) വക കൊള്ളിച്ചിട്ടില്ല.

(സി) അടുത്ത വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly